## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.1804 — 31-01-2018 ൽ മറുപടിയ്ക്ക്

## കേന്ദ്ര ഹജ്ജ് കമ്മിറ്റി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.പി.ടി.എ.റഹീം** | **ഡോ.കെ.ടി.ജലീൽ (തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)** |
| എ) കേന്ദ്ര ഹജ്ജ് കമ്മിറ്റിയിൽ കേരളത്തെ പ്രതിനിധീകരിക്കുന്നത് ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ; | എ) ശ്രീ.ഇ.ടി മുഹമ്മദ് ബഷീർ എം.പി യാണ് കേരളമുൾപ്പെടെയുള്ള സൗത്ത് സോണിൽ നിന്നുള്ള കേന്ദ്ര ഹജ്ജ് കമ്മിറ്റി പ്രതിനിധി. |
| ബി) ഹജ്ജ് എംബാർക്കേഷൻ പോയിന്റ് നെടുമ്പാശ്ശേരിയിൽ നിന്നും കരിപ്പൂരിലേക്ക് മാറ്റാൻ സർക്കാർ തലത്തിൽ നടത്തി വരുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | ബി) കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന ഹജ്ജിന് പോകുന്ന ഹാജിമാരിൽ ബഹുഭൂരിപക്ഷം പേരും സംസ്ഥാനത്തിന്റെ വടക്ക ഭാഗത്തു നിന്നുള്ളവരായതിനാൽ കോഴിക്കോട്, കരിപ്പൂർ വിമാനത്താവളമാണ് 2014 വരെ കേരളത്തിനും, മാഹി, ലക്ഷദ്വീപിനും കൂടി ഹജ്ജിനുള്ള എമ്പാർക്കേഷൻ പോയന്റായി ഉപയോഗിച്ചിരുന്നത്. എന്നാൽ 2015 ൽ കോഴിക്കോട് വിമാനത്താവളത്തിൽ അറ്റകുറ്റ പണികൾ നടക്കുന്നതിന്റെ ഭാഗമായി വലിയ വിമാനങ്ങൾ നിരോധിക്കുകയും ചെറിയ വിമാനങ്ങൾക്ക് സമയക്രമമേർപ്പെടുത്തുകയും ചെയ്തു. ഇതേ തുടർന്ന് 2015, 2016, 2017 വർഷങ്ങളിലെ ഹജ്ജ് എമ്പാർക്കേഷൻ പോയന്റ് നെടുമ്പാശ്ശേരിയിലേക്ക് മാറ്റുകയാണുണ്ടായത്. കോഴിക്കോട് വിമാനത്താവളത്തിൽ വലിയ വിമാനങ്ങൾ ലാന്റ് ചെയ്യുന്നതിന് നിയമം നിഷ്കർഷിക്കുന്ന സൗകര്യം നിലവിൽ ഇല്ലെന്നാണ് കേന്ദ്ര |

വ്യോമയാന മന്ത്രാലയത്തിന്റെ നിലപാട്. ഈ വർഷം തന്നെ ഹജ്ജ് എമ്പാർക്കേഷൻ പോയിന്റ് കോഴിക്കോട്ടേക്ക് മാറ്റുന്നതിനു സർക്കാരും ഹജ്ജ് കമ്മിറ്റിയും ശ്രമങ്ങൾ നടത്തി വരികയാണ്. എന്നാൽ റീ കാർപ്പറ്റിംഗ് (അറ്റകുറ്റപണി) പൂർത്തി യായെങ്കിലും റൺവേ നീളം കൂട്ടാത്തതിനാൽ ഹജ്ജ് സർവ്വീസിന് അനുയോജ്യമായ വലിയ വിമാനങ്ങൾ സർവ്വീസ് നടത്താൻ സാധിക്കില്ല എന്നാണ് ബന്ധപ്പെട്ട വൃത്തങ്ങളിൽ നിന്ന് കിട്ടിയ വിവരം. 2017 ൽ നെടുംബാശ്ശേരിയിൽ സർവ്വീസ് നടത്തിയ 300 പേർക്ക് സഞ്ചരി ക്കാവുന്ന ഫ്ളൈറ്റെങ്കിലും സർവ്വീസ് നടത്താൻ അനുവദിച്ച് 2018 ലെ ഹജ്ജ് യാത്ര കരിപ്പൂരിൽ തന്നെ നില നിർത്തുന്നതിനുള്ള ശ്രമം തുടർന്നു വരികയാണ്.

എമ്പാർക്കേഷൻ പോയിന്റ് കോഴിക്കോടിൽ നിലനിർത്തണ മെന്നാവശ്യപ്പെട്ടുകൊണ്ട്, കേന്ദ്ര സിവിൽ വ്യോമയാന മന്ത്രി, ന്യൂനപക്ഷ വകുപ്പ് മന്ത്രി എന്നിവരോട് സംസ്ഥാന ഹജ്ജ് വകുപ്പ് മന്ത്രിയും, ഹജ്ജ് കമ്മിറ്റി ചെയർമാനും നേരിട്ട് അഭ്യർത്ഥി ച്ചിരുന്നു. കേന്ദ്ര ഹജ്ജ് കമ്മിറ്റി ചെയർമാൻ 2017 ൽ ഹജ്ജ് ഹൗസ് സന്ദർശിച്ചപ്പോൾ പ്രസ്തുത കാര്യങ്ങൾ നേരിട്ട് ബോധ്യപ്പെടുത്തിയിട്ടുള്ള തുമാണ്. കേരളത്തിലെ രാജ്യസഭാ, ലോക് സഭാ എം.പി മാരുടെ പിന്തുണ കൂടി ഇക്കാര്യത്തിൽ നേടിയെടുത്ത് ബന്ധപ്പെട്ട കേന്ദ്ര മന്ത്രിമാരെ നേരിൽ കണ്ട് കാര്യങ്ങൾ അവതരിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. മാത്രവുമല്ല ബഹു. സുപ്രീം കോടതിയിൽ ഹജ്ജ് കമ്മിറ്റി ഇക്കാര്യത്തിൽ ഫയൽ ചെയ്ത കേസ് നടന്നു കൊണ്ടിരിക്കുകയാണ്.

സെക്ഷൻ ഓഫീസർ